**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **04-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ അഴിമതി തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ മിന്നൽ പരിശോധന/ പ്രാഥമികാന്വേഷണം/ സത്വരാന്വേഷണം/ വിജിലൻസ് എൻക്വയറി എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ശിപാർശ നൽകുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസുകൾ സ്വമേധയാ രജിസ്റ്റർ ചെയ്യും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാന വ്യാപകമായി വില്ലേജ് ഓഫീസ്, കൺസ്യൂമർഫെഡ് ഗോഡൗൺ, പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റൽ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി, പോലീസ് സ്റ്റേഷനുകൾ, ഹൈവേ പോലീസ് വാഹനങ്ങൾ, വനംവകുപ്പ് തടി ഡിപ്പോകൾ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ/ കൺസ്യൂമർഫെഡ് എന്നിവയുടെ കീഴിലുള്ള ഔട്ട്-ലെറ്റുകൾ, മോട്ടോർ വാഹന വകുപ്പ് ആഫീസുകൾ, മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ചെക്ക്പോസ്റ്റുകൾ, എക്സൈസ് വകുപ്പിന് കീഴിലുള്ള അതിർത്തി ചെക്ക്പോസ്റ്റുകൾ, ലീഗൽ മെട്രോളജി ആഫീസുകൾ, സർക്കാരിന് കീഴിലുള്ള അഗതി മന്ദിരങ്ങൾ/ ശിശു സംരക്ഷണ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രങ്ങൾ, ഭക്ഷ്യ സുരക്ഷാ ആഫീസുകൾ, മൈനിംഗ് & ജിയോളജി ആഫീസുകൾ/ പൊതുമരാമത്ത് വകുപ്പ് റോഡുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ സ്വകാര്യ ട്യൂഷൻ സെന്ററുകൾ, ഐ.സി.ഡി.എസ്-ന് കീഴിലുള്ള അംഗൻവാടികൾ, കൃഷിവകുപ്പിന് കീഴിലുള്ള ആഫീസുകൾ, എയ്ഡഡ് സ്കൂളുകൾ/ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആഫീസുകൾ, നഗരസഭാ കാര്യാലയങ്ങൾ, ഭക്ഷ്യസുരക്ഷാ ഓഫീസുകൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന ഓഫീസുകൾ, കെ.എസ്.എഫ്.ഇ എന്നിവിടങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ആവശ്യമായ ശിപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ 665 വിജിലൻസ് കേസുകളാണ് പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 86 കേസുകൾ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപെട്ട രജിസ്റ്റർ ചെയ്ത ട്രാപ് കേസുകൾ ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തതും മുമ്പ് അന്വേഷണത്തിലുണ്ടായിരുന്നതുമായ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി 616 വസ്തുതാറിപ്പോർട്ടുകൾ വിജിലൻസ് ഡയറക്ടർ വിവിധ ശിപാർശകളോടെ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 703 പേർക്കെതിരെ പ്രോസിക്യൂഷനും 373 പേർക്കെതിരെ വകുപ്പുതല നടപടിയും 71 പേർക്കെതിരെ ട്രൈബ്യൂണൽ എൻക്വയറിയും ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭിച്ച റിപ്പോർട്ടുകളിൽ തുടർനടപടി സ്വീകരിച്ചു. 437 കേസുകളിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഈ കാലയളവിൽ 370 കേസുകളിൽ വിചാരണ പൂർത്തിയാക്കുകയും 281 പേർക്കെതിരെ ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ 432 വിജിലൻസ് എൻക്വയറികൾ 1596 പ്രിലിമിനറി എൻക്വയറികൾ 1024 ത്വരിത പരിശോധനകൾ 411 രഹസ്യാന്വേഷണങ്ങൾ 2267 മിന്നൽ പരിശോധനകൾ എന്നിവ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഇത് ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ തിരിമറി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏത് തരത്തിലുള്ള ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുകയും ചെയ്താൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നുമുള്ള അന്വേഷണം ആവശ്യമില്ലാത്ത ഘട്ടത്തിൽ പ്രസ്തുത അന്വേഷണം ബന്ധപ്പെട്ട വകുപ്പ് മുഖേന തന്നെ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഫണ്ട് തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടത്തുകയും ചെയ്യുന്നു. തുടർന്ന് തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ